ഉത്തരം

(എ) 150 ലക്ഷം രൂപ.
(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലെ മൂത്രപ്പുര മാറ്റി സ്ഥാപിക്കാൻ നടപടി

1179 [1783] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ തെക്കു പടിഞ്ഞാറെ മൂലയിൽ റോഡ് സൈഡിൽ കെട്ടിയ മൂത്രപ്പുരയിൽ നിന്നും ദുർഗന്ധം വമിക്കുന്നത് കിഴക്കേകോട്ടയ്ക്ക് ബസ്സ് കയറാൻ നിൽക്കുന്നവർക്കും അതുവഴി സഞ്ചരിക്കുന്ന വഴിയാത്രക്കാർക്കും അസഹനീയമായതിനാൽ പൊതുജനാരോഗ്യം കണക്കിലെടുത്ത് ആ മൂത്രപ്പുര അവിടെനിന്നും മാറ്റി സ്ഥാപിക്കുന്നതിനു വേണ്ട നിർദ്ദേശം സർക്കാർ നൽകുമോ ?

ഉത്തരം

പാളയം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന് സമീപമായിട്ടുള്ള മൂത്രപ്പുരയും കിഴക്കേക്കോട്ട ട്രാൻസ്പോർട്ട് ബസ്സ്റ്റാൻറിന് സമീപത്തുള്ള മൂത്രപ്പുരയും കൃത്യമായും അനുദിനം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ രാത്രികാലങ്ങളിലും മറ്റും വാട്ടർ ടാപ്പ് മോഷ്ടിക്കപ്പെടുന്നുണ്ട്. രണ്ടു മൂത്രപ്പുരകളും തൽസ്ഥാനത്തു നിന്നും മാറ്റുന്നതിന് സ്ഥലപരിശോധന നടത്തിയുകതമായ തീരുമാനം ഉടൻ എടുക്കുന്നതാണ്.

ഓണബലം കട്ടിന്റെ പണി

1180 [1784] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണബലം കട്ടിന്റെ പണികൾ കഴിഞ്ഞ അഞ്ചുവർഷത്തിലേറെയായി മുടങ്ങിക്കിടക്കുന്നതുമൂലം ഈ പ്രദേശത്തെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രയുംവേഗം പണികൾ പുനരാരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓണബലം കട്ടിന്റെ പണി 1976-77-ൽ ഏറ്റെടുത്തു നടത്തുവാൻ അനുവദിച്ച കരാറുകാരൻ വളരെ കുറച്ചു പണികൾ മാത്രം നടത്തിയ ശേഷം ഏകപക്ഷീയമായി പണി നിർത്തിയതിനാൽ ടി കരാർ റദ്ദാക്കുകയുണ്ടായി. അതിനെതുടർന്ന് കമ്മീഷൻ മുഖേന പണികൾ നടത്തുവാൻ ഏൽപ്പിച്ച കരാറുകാരിയും പണി തുടരാൻ കാര്യമായ ശ്രമമൊന്നും കാണിക്കാത്തതുകൊണ്ട് ആ കരാറും റദ്ദാക്കേണ്ടിവന്നു. പ്രസ്തുത പണിയുടെ

LIBRARY ARCHIVES Kerala Legislative Assembly